DESHABHIMANI - 03-12-2024

# യൂറോപ്യൻ യൂണിയൻ സംഘം ഐസിഎആർ സിഫ്റ്റ് സന്ദർശിച്ചു



യൂറോപ്യൻ യൂണിയൻ പ്രതിനിധികൾ ഐസിഎആർ സിഫ്റ്റ് സന്ദർശിച്ചപ്പോൾ

**മട്ടാഞ്ചേരി**

യൂറോപ്യൻ യൂണിയൻ പ്രതിനിധിസംഘം കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റ് സന്ദർശിച്ചു. യൂറോപ്യൻ യൂണിയൻ റിസർച്ച് ആൻഡ് ഇന്നൊവേഷൻ കൗൺസിലറുടെ പ്രാദേശിക സന്ദർശനത്തിന്റെ ഭാഗമായിട്ടാണ് ഇവർ ഇവിടെയെത്തിയത്. റിസർച്ച് ആൻഡ് ഇന്നൊവേഷൻ മേധാവി പിയറിക് ഫിലിയൻ അഷിദയുടെ നേതൃത്വത്തിലുള്ള സംഘത്തിൽ ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ ഡെലിഗേഷൻ റിസർച്ച് ആൻഡ് ഇന്നൊവേഷൻ അഡ്വൈസർ ഡോ. വിവേക് ധാമും ഏഴ് അംഗരാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളും ഉണ്ടായി.

സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാന്റെ നേതൃത്വത്തിൽ സംഘത്തെ സ്വീകരിച്ചു. സിഫ്റ്റിലെ ഗവേഷണങ്ങളും സാങ്കേതികതയും അടുത്തറിയുക, യൂറോപ്യൻ യൂണിയൻ, അംഗരാജ്യങ്ങൾ, ഇന്ത്യൻ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിൽ നൂതനശാസ്ത്രസാങ്കേതിക മേഖലകളിൽ ഗവേഷണ പങ്കാളിത്തം വളർത്തുക എന്നിവയാണ് സന്ദർശന ലക്ഷ്യം. സമുദ്ര മത്സ്യ മാലിന്യസംസ്കരണം, ബ്ലൂ ഇക്കണോമി സംരംഭം, വൺ ഹെൽത്ത് ആൻഡ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എഎംആർ), സുസ്ഥിര മത്സ്യബന്ധനം തുടങ്ങി സിഫ്റ്റിന്റെ പ്രവർത്തനങ്ങളിൽ സംഘം താൽപ്പര്യം പ്രകടിപ്പിച്ചു. യൂറോപ്പിന് കീഴിൽ സഹകരണത്തിനുള്ള സാധ്യതകളും ചർച്ച ചെയ്തു.